## അഡ്മിനിസ്ട്രേറ്റീവ് ഓഫിസറുടെ നടപടിക്രമം

### തിരുവനന്തപുരം

നഗര - ഗ്രാമാസൂത്രണവകുപ്പ് - മുഖ്യനഗരാസൂത്രകന്റെ കാര്യാലയം, തിരുവനന്തപുരം - ജീവനകാര്യം - ശ്രീ.അബൂബക്കർ.റ്റി.എ ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ/ടൗൺ പ്ലാനിംഗ് സർവ്വെയർ രണ്ടാം സമയ ബന്ധിത ഹയർ ഗ്രേഡ് (15 വർഷം) അനുവദിച്ച ഉത്തരവാകുന്നു.

==========================================================================

എസ്റ്റാബ്ലിഷ് മെൻറ് സെക്ഷൻ

ഉത്തരവ് നം. *TCPCTP/2242/2019-A1* തീയതി *27/12/2019*

==========================================================================

പരാമർശം-1) മുഖ്യനഗരാസൂത്രകന്റെ 02/8/2004 ലെ എ 1/815/03 നമ്പർ ഉത്തരവ്

2) അഡ്മിനിസ്ട്രേറ്റീവ് ഓഫിസറുടെ 27/6/2007 ലെ എ 1/4688/07 നമ്പർ ഉത്തരവ്

3) മുഖ്യനഗരാസൂത്രകന്റെ 16/3/2012 ലെ എ 1/1662/2011 നമ്പർ ഉത്തരവ്

4) ഇടുക്കി ജില്ലാ ടൗൺ പ്ലാനറുടെ 11/11/2019 ലെ TCP IDK/735/2019-A1 നമ്പർ കത്ത്.

5) ജി.ഒ.(പി) നം.7/2016/ധന തീയതി 20.01.2016

### ഉത്തരവ്

പരാമർശം (1) പ്രകാരം ശ്രീ.അബൂബക്കർ. റ്റി .എ ഇടുക്കി ജില്ലാ ടൗൺ പ്ലാനറുടെ കാര്യാലയത്തിൽ സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ/ടൗൺ പ്ലാനിംഗ് സർവ്വെയർ തസ്തികയിൽ 17/9/2004 പൂർവ്വാഹ്നം ജോലിയിൽ പ്രവേശിച്ചു. പരാമർശം (2) പ്രകാരം ടിയാൾ ടി തസ്തികയിലെ നിരീക്ഷണകാലം വിജയകരമായി പൂർത്തികരിച്ച് ഉത്തരവായിട്ടുണ്ട്. പരാമർശം (3) പ്രകാരം 16/3/2012 പൂർവ്വാഹ്നം മുതൽ ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ/ടൗൺ പ്ലാനിംഗ് സർവ്വെയർ ആയി സ്ഥാനക്കയറ്റം ലഭിച്ച സർവ്വീസിൽ തുടർന്നു വരുന്നു. 16/9/2019 അപരാഹ്നത്തിൽ ടിയാൾ 15 വർഷത്തെ സേവനം ടി തസ്തികയിൽ പൂർത്തികരിച്ചിട്ടുണ്ട്. ഈ കാലയളവിൽ ഗ്രേഡിനെ ബാധിക്കുന്ന അവധികളൊന്നും ടിയാൻ ഉപയോഗപ്പെടുത്തിയിട്ടില്ല. പരാമർശം (4) പ്രകാരം ടിയാൾക്ക് രണ്ടാം സമയ ബന്ധിത ഹയർ ഗ്രേഡ് ലഭിക്കുന്നതിന് ഇടുക്കി ജില്ലാ ടൗൺ പ്ലാനർ ശുപാർശ ചെയ്തിട്ടുണ്ട്. പരാമർശം (5) ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ടിയാന് 17/9/2019 പൂർവ്വാഹ്നം മുതൽ 39500 - 83000/- രൂപ ശമ്പള സ്കെയിലിൽ രണ്ടാം സമയ ബന്ധിത ഹയർ ഗ്രേഡിന് അർഹതയുണ്ട്

ഈ സാഹചര്യത്തിൽ ഇടുക്കി ജില്ലാ ടൗൺ പ്ലാനറുടെ കാര്യാലയത്തിലെ ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ/ടൗൺ പ്ലാനിംഗ് സർവ്വെയറായ ശ്രീ.അബൂബക്കർ.റ്റി.എ -ക്ക് 17/9/2019 പൂർവ്വാഹ്നം മുതൽ 15 വർഷത്തെ സേവനം പൂർത്തിയാക്കിയതിനാൽ രണ്ടാം സമയ ബന്ധിത ഹയർ ഗ്രേഡ് 39500 - 83000/- രൂപ ശമ്പള സ്കെയിലിൽ അനുവദിച്ച ഉത്തരവാകുന്നു. പരാമർശം (5) ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ടിയാന്റെ ശമ്പള നിർണ്ണയം നടത്തേണ്ടതാണ്.

അസീം.എ

അഡ്മിനിസ്ട്രേറ്റീവ് ഓഫിസർ

1 ശ്രീ.അബൂബക്കർ.റ്റി.എ
ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ/ടൗൺ പ്ലാനിംഗ് സർവ്വെയർ
(മേലധികാരി മുഖേന) ഇടുക്കി

File No.TCPCTP/2242/2019-A1

പകർപ്പ്-

1. ടൗൺ പ്ലാനർ – ഇടുക്കി
2. സേവന പുസ്തകം
3. വെബ്സൈറ്റ്
4. കരുതൽ ഫയൽ
5. അധികം